# ബജറ്റ് ഒറ്റനോട്ടത്തിൽ

## കഠിനാധ്വാനികളായ ഓസ്ട്രേലിയക്കാർക്ക് കുറഞ്ഞ നികുതി

ഈ ബജറ്റിൽ ഇക്കണോമിക്ക് റിക്കവറി പദ്ധതിയുടെ സഹായത്തിനായി, അടുത്ത 12 മാസത്തിനുള്ളിൽ അധികമായി 12.5 ബില്യൺ ഡോളർ ഉൾപ്പെടെ, സർക്കാർ 17.8 ബില്യൺ ഡോളർ അധിക വ്യക്തിഗത ആദായനികുതി ഇളവ് നൽകുന്നു. ഇതിനകം തന്നെ നിയമനിർമ്മാണം നടത്തിയ വ്യക്തിഗത ആദായനികുതി പദ്ധതി പ്രകാരം 8.1 ബില്യൺ ഡോളർ നികുതി ഇളവ് 2020-21 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യും.

2020-21-ലെ താഴ്ന്ന, ഇടത്തരം വരുമാന നികുതി ഓഫ്സെറ്റുകളിൽ നിന്നും ഒറ്റത്തവണയായുള്ള അധിക ആനുകൂല്യത്തിനൊപ്പം, ഗവൺമെന്റിന്റെ മാറ്റങ്ങളുടെ രണ്ടാം ഘട്ടത്തിൽ, വ്യക്തികൾക്ക് ഈ പദ്ധതി അനുസരിച്ച് നികുതി കിഴിവുകൾ ലഭിക്കുന്നു.

## ഭവന നിർമ്മാണത്തെ സഹായിക്കുന്നു

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമ്പദ്‌വ്യവസ്ഥ പുനർനിർമ്മിക്കുന്നതിനും ഓസ്ട്രേലിയയുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള ഞങ്ങളുടെ ഇക്കണോമിക്ക് റിക്കവറി പദ്ധതിയുടെ ഭാഗമായി, ആദ്യമായി ഭവനം വാങ്ങുന്നവർക്കായുള്ള ഫസ്റ്റ് ഹോം ലോൺ ഡെപ്പോസിറ്റ് സ്കീം വിപുലീകരിക്കുന്നതിന്റെ ഭാഗമായി അധികമായി 10,000 പേർക്ക് കൂടി ഒരു പുതിയ വീട് ഉടൻ വാങ്ങാൻ കഴിയും.

പുതിയ വീട് അല്ലെങ്കിൽ പുതുതായി നിർമ്മിച്ച വീട് വാങ്ങുന്നതിന് സഹായം ആകുന്നതിനായി അധികമായി 10,000 സ്ഥലങ്ങൾ 2020-21-ൽ നൽകും. ആദ്യത്തെ വീട് വാങ്ങുന്നവർക്ക് ഒരു പുതിയ വീട് പണിയുന്നതിനായി വായ്പ നേടുന്നതിനോ അല്ലെങ്കിൽ 5 ശതമാനം വരെ കുറഞ്ഞ നിക്ഷേപത്തോടെ പുതുതായി നിർമ്മിച്ച വാസസ്ഥലം വാങ്ങുന്നതിനോ അനുവദിക്കും,

വായ്പയുടെ 15 ശതമാനം വരെ സർക്കാർ ഉറപ്പ് നൽകുന്നു.

## അടിസ്ഥാന സൗകര്യ നിക്ഷേപം

കോവിഡ്-19 മഹാമാരി ആരംഭിച്ചതിനുശേഷം അടുത്ത നാല് വർഷത്തിനുള്ളിൽ 14 ബില്യൺ ഡോളർ അധികമായി പുതിയതും വേഗത്തിലാക്കിയതുമായ അടിസ്ഥാന സൗകര്യ പദ്ധതികളിൽ നിക്ഷേപിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിർമ്മാണ വേളയിൽ അധികമായി 40,000 ജോലികൾക്ക് ഈ പ്രൊജക്ടുകൾ സഹായമായേക്കും.

ഈ നിക്ഷേപം ഗവൺമെന്റിന്റെ റെക്കോർഡ് 10 വർഷ ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പൈപ്പ്ലൈനിന്റെ ഭാഗമാണ്, ഇത് 110 ബില്യൺ ഡോളറായി വികസിപ്പിക്കുകയും ഇതിനകം തന്നെ രാജ്യത്തുടനീളമുള്ള വർക്ക് സൈറ്റുകളിൽ 100,000 ജോലികളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

## ബിസിനസ്സിനും നിക്ഷേപത്തിനും പിന്തുണ

പുതിയ നിക്ഷേപത്തെ പിന്തുണയ്ക്കുന്നതിനും ബിസിനസ്സ് പണമൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും, സർക്കാർ താൽക്കാലികമായ നികുതി ആനുകൂല്യങ്ങൾ നൽകുന്നു, ഇത് 11.5 ദശലക്ഷം തൊഴിലാളികൾക്ക് ജോലി നൽകുന്ന ഏകദേശം 3.5 ദശലക്ഷം ബിസിനസുകൾക്ക് (99 ശതമാനത്തിലധികം ബിസിനസുകൾക്ക്) ലഭ്യമാകും. ഖനനേതര ബിസിനസുകളുടെ മൂല്യത്തകർച്ചയുള്ള ആസ്തികളിൽ 80 ശതമാനം നിക്ഷേപം ഉൾപ്പെടെ 200 ബില്യൺ ഡോളർ മൂല്യമുള്ള നിക്ഷേപത്തിന് ഈ ഇൻസന്റീവ് ബാധകമാകും. 2020 ഒക്ടോബർ 6 7:30 PM മുതൽ (AEDT) 2022 ജൂൺ 30 വരെ, 5 ബില്യൺ ഡോളർ വരെ വിറ്റുവരവുള്ള ബിസിനസുകൾക്ക് അവർ ഇൻസ്റ്റാൾ ചെയ്ത വർഷത്തിൽ മൂല്യത്തിൽ ഉണ്ടായ ഏതെങ്കിലും അർഹമായ ആസ്തി മൂല്യത്തകർച്ചകളുടെ മുഴുവൻ ചെലവും കുറയ്ക്കാൻ കഴിയും. ഈ കാലയളവിൽ നടത്തിയ നിലവിലുള്ള അർഹമായ ആസ്തി മൂല്യത്തകർച്ചയുടെ മെച്ചപ്പെടുത്തലുകളുടെ ചിലവും പൂർണ്ണമായും കുറയ്ക്കാം.

5 ബില്യൺ ഡോളർ വരെ വിറ്റുവരവുള്ള കമ്പനികൾക്ക് നികുതി അടച്ച മുൻ ലാഭത്തിനെതിരായ നഷ്ടം നികത്താനും റീഫണ്ട് അഭ്യർത്ഥിക്കാനും സർക്കാർ അനുവദിക്കും. 8.8 ദശലക്ഷം തൊഴിലാളികൾക്ക് വരെ ജോലി നൽകുന്ന ഒരു ദശലക്ഷം കമ്പനികൾക്ക് ലോസ് ക്യാരി ബാക്ക് ലഭ്യമാകും. 2021-22 വരെ ഉണ്ടായ നഷ്ടം 2018-19 കാലയളവോ അതിനുശേഷമോ ഉണ്ടാക്കിയ ലാഭത്തിനെതിരെ കിഴിക്കാൻ കഴിയുന്നതാണ്. 2020-21-ലെയും 2021-22-ലെയും നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ യോഗ്യതയുള്ള കമ്പനികൾക്ക് നികുതി റീഫണ്ട് സ്വീകരിക്കാൻ തീരുമാനിക്കാവുന്നതാണ്.

## ഒരു ഡിജിറ്റൽ ഓസ്ട്രേലിയ

COVID-19 മഹാമാരി ഓസ്ട്രേലിയൻ ബിസിനസ്സുകളും ഉപഭോക്താക്കളും ഡിജിറ്റൽ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് വേഗത്തിലാക്കി, ഇത് പലരെയും അവരുടെ പ്രവർത്തനങ്ങൾ പരിവർത്തനം ചെയ്യാനും പ്രതിസന്ധിയ്ക്കിടയിലും വ്യാപാരം തുടരാനും അവരെ പ്രാപ്തരാക്കി.

സർക്കാരിന്റെ ഡിജിറ്റൽ ബിസിനസ്സ് പദ്ധതി സമ്പദ് വ്യവസ്ഥയിലുടനീളം പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനെ പിന്തുണയ്ക്കുന്നതിന് ബിസിനസ്സുകളും ഉപഭോക്താക്കളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തും.

NBN Co-യിൽ 4.5 ബില്യൺ ഡോളർ അധിക നിക്ഷേപം ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്കും ബിസിനസുകൾക്കും അതിവേഗ ബ്രോഡ്ബാൻഡ് നൽകും. 29.2 ദശലക്ഷം ഡോളർ ധനസഹായം 5G നെറ്റ്‌വർക്കിന്റെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തും.

## ബിസിനസ്സ് ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നു

ചുവപ്പ് നാട ഒഴിവാക്കുന്നത് ഓസ്ട്രേലിയൻ ഗവൺമെന്റിന്റെ സാമ്പത്തിക വീണ്ടെടുക്കൽ പദ്ധതിയുടെ പ്രധാന ഘടകമാണ്. അതുകൊണ്ടാണ് ബിസിനസുകൾക്ക് നിക്ഷേപം നടത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വെല്ലുവിളികളോട് വേഗത്തിൽ പ്രതികരിക്കാനും അവസരങ്ങൾ ഉപയോഗപ്പെടുത്താനും സർക്കാർ സൗകര്യമൊരുക്കുന്നത്.

ഈ ബജറ്റിൽ സർക്കാർ ഇനിപ്പറയുന്നവ ചെയ്യും:

- വിവിധ റെഗുലേറ്ററി പ്രക്രിയകൾ കാര്യക്ഷമമാക്കുകയും ഡിജിറ്റൈസ് ചെയ്യുകയും ചെയ്യും
- അനാവശ്യ ചെലവുകൾ ചുമത്തുകയും ബിസിനസ്സ് പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന നിയന്ത്രണം കുറയ്ക്കും
- വീണ്ടെടുക്കലിലൂടെ ചെറുകിട ബിസിനസ്സിനെ പിന്തുണയ്ക്കും

## ജോബ്മേക്കർ ഹയറിംഗ് ക്രെഡിറ്റ്

16 മുതൽ 35 വയസ്സ് വരെ പ്രായമുള്ള യുവ തൊഴിലന്വേഷകരായ കൂടുതൽ ജോലിക്കാരെ ഏറ്റെടുക്കുന്നതിന് ബിസിനസുകൾക്ക് പ്രോത്സാഹനങ്ങൾ നൽകിക്കൊണ്ട് വീണ്ടെടുക്കൽ സമയത്ത് തൊഴിലവസരങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഗവൺമെന്റിന്റെ പുതിയ ജോബ്മേക്കർ ഹയറിംഗ് ക്രെഡിറ്റ് സഹായിക്കും. ഓസ്ട്രേലിയയുടെ സാമ്പത്തിക വീണ്ടെടുക്കൽ വർദ്ധിപ്പിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ജോബ് മേക്കർ പദ്ധതിയുടെ പ്രധാന ഭാഗമാണ് ജോബ്മേക്കർ ഹയറിംഗ് ക്രെഡിറ്റ്.

ജോബ്മേക്കർ ഹയറിംഗ് ക്രെഡിറ്റ് **ചെറുപ്പക്കാർക്ക് ഏകദേശം 4.50,000 തൊഴിലവസരങ്ങൾ** നൽകുമെന്നും, ഇതിന് 2020-21 മുതൽ 2022-23 വരെ 4 ബില്യൺ ഡോളർ ചിലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു.

## വിദ്യാഭ്യാസം, നൈപുണ്യങ്ങൾ, അപ്രന്റീസ്ഷിപ്പ് എന്നിവയിൽ നിക്ഷേപം നടത്തുന്നു

ജോബ്മേക്കർ പദ്ധതിയുടെ ഭാഗമായി സർക്കാർ നൈപുണ്യ വികസനത്തിന് ഉയർന്ന മുൻഗണന നൽകുന്നു. ആളുകളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് സഹായിക്കുകയും ഭാവിയിലെ ജോലികൾക്ക് ഓസ്ട്രേലിയക്കാർക്ക് ശരിയായ കഴിവുകൾ ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

- ജോബ്ട്രെയിനർ - ഓസ്ട്രേലിയയിലെ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നു
- വീണ്ടെടുക്കലിന് സഹായമാകുന്നതിന് പുതിയ അപ്രന്റീസ്ഷിപ്പുകൾ
- തൊഴിലന്വേഷകർക്കുള്ള പിന്തുണ
- ജോലിക്ക് തയ്യാറായ കൂടുതൽ ബിരുദധാരികൾ
- ഓസ്ട്രേലിയക്കാരുടെ തൊഴിൽ നൈപുണ്യം പുനർവിന്യസിക്കുന്നതിനും ഉയർത്തുന്നതിനുമുള്ള ഹ്രസ്വ കോഴ്സുകൾ

## സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വരുമാന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനുമായി 2020-ലെ വുമൺ ഇക്കണോമിക്ക് സെക്യൂരിറ്റി സ്റ്റേറ്റ്മെന്റ് സർക്കാർ അവതരിപ്പിക്കുന്നു. തൊഴിലവസരങ്ങളും മാതാപിതാക്കൾക്ക് പിന്തുണയും ജോലിസ്ഥലത്തെ സ്ത്രീകൾക്ക് പിന്തുണയും 240.4 മില്യൺ ഡോളറിന്റെ പാക്കേജ് ലഭ്യമാക്കും.

സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് (STEM), ബിസിനസ്സ്, പുരുഷ മേധാവിത്വമുള്ള വ്യവസായങ്ങൾ എന്നിവിടങ്ങളിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വനിതാ നേതൃത്വത്തെയും വികസനത്തെയും പിന്തുണയ്ക്കുന്നതിനുള്ള തൊഴിൽ പരിപാടികളും ഇതിൽ ഉൾപ്പെടുന്നു.

## ഉൽപ്പാദനത്തിനും ഗവേഷണത്തിനും വികസനത്തിനും പിന്തുണ നൽകുന്നു

വിതരണ ശൃംഖലകളുടെയും വഴക്കമുള്ളതും പൊരുത്തപ്പെടാവുന്നതും നൂതനവുമായ ഉൽപാദന ശേഷിയുടെ നിർണായക പ്രാധാന്യത്തെക്കുറിച്ചും COVID-19 മഹാമാരി പ്രകാശം ചൊരിഞ്ഞിട്ടുണ്ട്.

ഓസ്ട്രേലിയയുടെ സാമ്പത്തിക വീണ്ടെടുക്കലിനെ പിന്തുണയ്ക്കുന്നതിനുള്ള ദീർഘകാല പദ്ധതിയാണ് സർക്കാരിന്റെ 1.5 ബില്യൺ ഡോളർ മോഡേൺ മാനുഫാക്ചറിംഗ് സ്ട്രാറ്റജി.

റിസർച്ച് ആന്റ് ഡെവലപ്മെന്റ് ടാക്സ് ഇൻസന്റീവിലൂടെ സർക്കാർ 2 ബില്യൺ ഡോളർ കൂടുതലായി നിക്ഷേപിക്കുന്നുണ്ട്.

## ഊർജ്ജ സുരക്ഷയും വിപണി പരിഷ്കാരങ്ങളും

ദേശീയതലത്തിൽ, ഗാർഹിക വൈദ്യുതി വില 2018 ഡിസംബറിന് ശേഷം 4.7 ശതമാനം കുറഞ്ഞു, കഴിഞ്ഞ 12 മാസത്തിനിടെ വൈദ്യുതിയുടെ മൊത്തവില വില കുറയുകയാണ്. കുറഞ്ഞ വിലകൾ നിലനിർത്താൻ, നീക്കിയിരിപ്പ് ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വകാര്യ ദാതാക്കളുമായി സഹകരിച്ച് കാര്യക്ഷമവും സംയോജിതവുമായ ഒരു സംവിധാനം ഉറപ്പാക്കാൻ ദേശീയ മന്ത്രിസഭയും പ്രവർത്തിക്കും.

വില കുറയ്ക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ഓസ്ട്രേലിയയുടെ വൈദ്യുതി, ഇന്ധനം, ഗ്യാസ് വിതരണം എന്നിവ സർക്കാർ സുരക്ഷിതമാക്കുകയാണ്.

## മഹാമാരിക്കെതിരെ ഊർജ്ജസ്വലമായി പോരാടുന്ന പ്രവിശ്യകൾക്ക് പിന്തുണ ലഭ്യമാക്കുന്നു

പ്രളയം, തീ, വരൾച്ച, ഇപ്പോൾ COVID-19 എന്നിവ നേരിട്ട പ്രാദേശിക ഓസ്ട്രേലിയയ്ക്കൊപ്പം സർക്കാർ നിലകൊള്ളുന്നു. 550 മില്യൺ ഡോളറിലധികം വരുന്ന ഒരു പ്രാദേശിക പാക്കേജിലൂടെ COVID-19-ന്റെ ആഘാതങ്ങളിൽ നിന്ന് കരകയറാൻ സർക്കാർ ഞങ്ങളുടെ പ്രദേശങ്ങളെ പിന്തുണയ്ക്കും. ഇത് 1 ബില്യൺ ഡോളറിന്റെ COVID-19 റിലീഫ് ആൻഡ് റിക്കവറി ഫണ്ട് വഴി നൽകുന്ന പിന്തുണയെ അടിസ്ഥാനമാക്കിയുള്ളതാണ്.

## കൂടുതൽ സുരക്ഷിതവും ഊർജ്ജസ്വലവുമായ ഓസ്ട്രേലിയ

21-ാം നൂറ്റാണ്ടിലേക്കായി സർക്കാർ ജല സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഇത് നമ്മുടെ ജല സുരക്ഷ വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക പ്രതിരോധം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നമ്മുടെ നിർണായക കാർഷിക മേഖലയെ വളർത്തുന്നതിനും സഹായിക്കുന്നു. ദേശീയ ജല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന്റെ കീഴിൽ പുതിയ പദ്ധതികൾക്കായി 2 ബില്യൺ ഡോളർ നിക്ഷേപിക്കുന്നത് ഗ്രിഡിലൂടെ അടുത്ത തലമുറയിലെ ജല ഇൻഫ്രാസ്ട്രക്ചറിനെ സഹായിക്കും.

മുറെ-ഡാർലിംഗ് കമ്മ്യൂണിറ്റികളുടെ നിക്ഷേപ പാക്കേജിൽ സർക്കാർ 270 മില്യൺ ഡോളർ നിക്ഷേപിക്കുന്നു, ഇത് പ്രാദേശിക വികസനത്തിന് സഹായകമാകുമ്പോൾ തന്നെ ബേസിന്റെ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യും.

അവശ്യ സേവനങ്ങളെ പിന്തുണയ്ക്കുന്നതിനായി വടക്കൻ ഓസ്ട്രേലിയയ്ക്ക് അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് തുടർന്നും പ്രയോജനം നേടാനാകുമെന്ന് ഉറപ്പാക്കുന്നതിന്, സർക്കാർ 2026 ജൂൺ വരെ നോർത്തേൺ ഓസ്ട്രേലിയ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി (NAIF) അഞ്ച് വർഷത്തേക്ക് കൂടി നീട്ടുകയും വായ്പാ മാനദണ്ഡങ്ങൾ വിപുലീകരിക്കുകയും ചെയ്തു.

## നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നു

നമ്മുടെ സമുദ്രങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ ആരോഗ്യം പുനഃസ്ഥാപിക്കുന്നതിനുമായി സർക്കാർ 47.4 ദശലക്ഷം ഡോളർ നിക്ഷേപിക്കുകയും കോമൺവെൽത്ത് ഭൂമിയിലെ രാസമാലിന്യ സാധ്യത കുറയ്ക്കുന്നതിന് 29.1 ദശലക്ഷം ഡോളർ ചെലവഴിക്കുകയാണ്.

റീസൈക്ലിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നതിനും മാലിന്യങ്ങൾ കുറയ്ക്കുന്നതിനും ഓസ്ട്രേലിയയ്ക്കുള്ളിൽ കൂടുതൽ റീസൈക്കിൾ ചെയ്യുന്നതിനുമായി സർക്കാർ നാലുവർഷത്തിനിടെ 249.6 മില്യൺ ഡോളർ നിക്ഷേപിക്കും.

## COVID-19 തടയുന്നതും കണ്ടെത്തുന്നതും ചികിത്സിക്കുന്നതും

ഓസ്ട്രേലിയക്കാർക്ക് ഈ മഹാമാരി കാലയളവിൽ ആവശ്യമായ തുടർച്ചയായ വൈദ്യ പരിചരണവും പിന്തുണയും ഉറപ്പാക്കൻ വിവിധ ആരോഗ്യ നടപടികൾ സ്വീകരിക്കാൻ സർക്കാർ 4.9 ബില്യൺ

ഡോളർ നിക്ഷേപം ഈ ബജറ്റിൽ നടത്തുന്നുണ്ട്. വഴക്കമുള്ളതും വർദ്ധിപ്പിക്കാവുന്നതുമായ പ്രതികരണം മഹാമാരിയോട് ഫലപ്രദമായി പ്രതികരിക്കാനും എല്ലാ ഓസ്ട്രേലിയക്കാരെയും സംരക്ഷിക്കാനും ആരോഗ്യ സംവിധാനത്തെ പ്രാപ്തമാക്കുന്നു.

## മഹാമാരിയുടെ കാലയളവിൽ ഓസ്ട്രേലിയക്കാർക്ക് പിന്തുണ ലഭ്യമാക്കുന്നു

COVID-19 മഹാമാരിയുടെ കാലയളവിൽ ഓസ്ട്രേലിയക്കാർക്ക് പിന്തുണ നൽകുന്നതിന് സർക്കാർ ഇനിപ്പറയുന്നവ ഉൾപ്പെടെയുള്ള അഭൂതപൂർവമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നു:

- JobKeeper പേയ്മെന്റ്
- വ്യക്തികൾക്ക് അധിക വരുമാനം
- പെൻഷൻകാർക്കും മറ്റ് യോഗ്യതയുള്ള സ്വീകർത്താക്കൾക്കും രണ്ട് അധിക സാമ്പത്തിക പിന്തുണ പേയ്മെന്റുകൾ
- സൂപ്പർആനുവേഷനിലേക്കുള്ള താൽക്കാലിക പ്രവേശനം

## നിങ്ങളുടെ ഭാവി, നിങ്ങളുടെ സൂപ്പർ

വിരമിക്കൽ സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനായി ഓസ്ട്രേലിയക്കാരെ കൂടുതൽ ജോലി ചെയ്യാൻ പ്രേരിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഗവൺമെന്റിന്റെ *നിങ്ങളുടെ ഭാവി, നിങ്ങളുടെ സൂപ്പർ* പരിഷ്ക്കാരങ്ങൾ ഗവൺമെന്റിന്റെ പരിഷ്കരണ അജണ്ടയുടെ അടുത്ത ഘട്ടമാണ്, അടുത്ത ദശകത്തിൽ ഓസ്ട്രേലിയക്കാർ 17.9 ബില്യൺ ഡോളർ സമ്പാദിക്കും.

## ഓസ്ട്രേലിയക്കാരെ സുരക്ഷിതമായി സൂക്ഷിക്കൽ

ഓസ്ട്രേലിയയുടെ സൈബർ സുരക്ഷാ കഴിവുകൾ ശക്തമാണ്, പക്ഷേ നമ്മൾ ഓൺലൈനിൽ നേരിടുന്ന ഭീഷണികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ എത്രത്തോളം ഓൺലൈനിൽ സമയം ചിലവഴിക്കുന്നുണ്ടെന്നും പ്രവർത്തിക്കുന്നുണ്ടെന്നും COVID-19 നമുക്ക് കാണിച്ച് തന്നിരിക്കുന്നു. 2020 സൈബർ സുരക്ഷാ തന്ത്രം ലഭ്യമാക്കാൻ സർക്കാർ അധികമായി 201.5 ദശലക്ഷം ഡോളർ നൽകും.

കൂടുതൽ സങ്കീർണമായ ഭീഷണി നേരിടുന്ന അന്തരീക്ഷത്തിൽ ഓസ്ട്രേലിയക്കാരെ സുരക്ഷിതമായി നിലനിർത്താനുള്ള ശേഷി ശക്തിപ്പെടുത്തുന്നതിന് 300.2 മില്യൺ ഡോളർ AFP-ക്ക് സമർപ്പിച്ച് നമ്മളെ സുരക്ഷിതമായി സൂക്ഷിക്കുന്നവരെ സർക്കാർ പിന്തുണയ്ക്കുന്നു.

## നമ്മുടെ പ്രവിശ്യയെ പിന്തുണയ്ക്കൽ

പസഫിക് സ്റ്റെപ്പ്-അപ്പിലും മറ്റ് സംരംഭങ്ങളിലും പ്രതിഫലിക്കുന്ന പസഫിക്, തെക്കുകിഴക്കൻ ഏഷ്യയുടെ സ്ഥിരത, സമൃദ്ധി, പ്രതിരോധം എന്നിവയിൽ ഓസ്ട്രേലിയയ്ക്ക് ആഴത്തിലുള്ളതും നിലനിൽക്കുന്നതുമായ താൽപ്പര്യമുണ്ട്. സർക്കാർ നമ്മുടെ പ്രവിശ്യയിൽ മഹാമരിയിൽ നിന്നുള്ള തിരിച്ചു വാർവ് ഉറപ്പ് വരുത്തുന്നു:

- പസഫിക്, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ COVID-19 വാക്സിൻ ആക്സസ്, ഹെൽത്ത് സെക്യൂരിറ്റി എന്നീ പ്രോഗ്രാമിൽ നിക്ഷേപം നടത്തുന്നു.
- പസഫിക്കിനായുള്ള ഓസ്ട്രേലിയൻ ഇൻഫ്രാസ്ട്രക്ചർ ഫിനാൻസിംഗ് ഫെസിലിറ്റി
- COVID-19-ൽ നിന്നുള്ള തിരിച്ച് വരവ് - പസഫിക്, തിമോർ-ലെസ്റ്റെ എന്നിവയ്ക്കുള്ള പിന്തുണ
- തെക്കുപടിഞ്ഞാറൻ പസഫിക്കിൽ സുരക്ഷാ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ ലഭ്യമാക്കുന്നു